## 5

# "അവർ അത്യന്തം സന്തോഷിച്ചു"

നാം എവിടേക്കെങ്കിലും പോകുന്നതിനുമുൻപോ അല്ലെങ്കിൽ എന്തെങ്കിലും ചെയ്യുന്നതിനുമുൻപോ ചോദിച്ചേക്കാം, "അതിൽ എനിക്ക് എന്താണുള്ളത്?" ആരാധനയിലും ആ ചോദ്യം പ്രസക്തമാണ്. നിങ്ങൾ ആ ചോദ്യം ചോദിക്കുകയാണെങ്കിൽ, അതിനുള്ള ഉത്തരം ഇപ്പോൾ കിട്ടിയെന്നു വരികയില്ല. ആദ്യം നിങ്ങൾ കുറെ യാത്ര ചെയ്യേണ്ടതായിട്ടുണ്ട് – ദൈവവുമായി ഒരു സഞ്ചാരം. ഒരിക്കൽ നിങ്ങൾ ആ യാത്ര തുടർന്നാൽ നിങ്ങൾക്ക് അത് അറിയുവാൻ കഴിയും.

മത്തായി 2 ലെ വിദ്വാന്മാർ ഒരു നക്ഷത്രത്തെ അനുഗമിച്ചാണ് യെരുശലേമിലേക്ക് യാത്ര ചെയ്തത്. ഒരിക്കൽ അവിടെ എത്തിയാൽ, എവിടെയാണ് മശിഹാ ജനിക്കുന്നത് എന്ന് അവർ അന്വേഷിക്കേണ്ടിയിരുന്നു. ബേത്‌ലഹേമിലാണ് എന്ന് മീഖാ പ്രവാചകൻ പ്രവചിച്ചത് അവരോട് പറഞ്ഞു. അവർ ബേത്‌ലഹേമിൽ എത്തിയപ്പോൾ വീണ്ടും നക്ഷത്രം കാണുകയും, "അവർ അത്യന്തം സന്തോഷിക്കുകയും ചെയ്തു." (വാക്യം. 10). ആരാധനയിൽ സന്തോഷമുണ്ട്. ആരാധന പരിചയമുള്ളവർക്ക് ആരാധന പ്രതീക്ഷിക്കുന്നത് തന്നെ സന്തോഷമുളവാക്കും.

മോറിയാ മലയിൽ യാഗം കഴിക്കുവാൻ പോയി മടങ്ങിവന്ന അബ്രഹാമിനു തോന്നിയ അനുഭവത്തെ കുറിച്ചു നമ്മോട് പറയുന്നില്ലെങ്കിലും, അവൻ ആ സ്ഥലത്തിന്, "യഹോവ യീരേ എന്നു പേരിട്ടതിൽനിന്നു" അവനുണ്ടായ സന്തോഷം നമുക്ക് അനുമാനിക്കാം (ഉൽപത്തി 22:14). *എങ്ങനെ ദൈവം നൽകി!* മലയിൽനിന്ന് ഇറങ്ങി വന്ന അബ്രഹാമിനും, യിസഹാക്കിനും തോന്നിയ അനുഭവം നമുക്ക് ഊഹിക്കുവാൻ മാത്രമെ കഴിയു. അബ്രഹാം ഹൃദയത്തിൽ ദൈവത്തിന് യാഗമായി അർപ്പിച്ച മകൻ യിസഹാക്കിനെ അവന് തിരികെ കിട്ടി. ദൂതന്റെ പ്രഖ്യാപനത്തിന് ശേഷം അവന് പ്രത്യേകമായ സന്തോഷമുണ്ടായി കാണും,

> നീ ഈ കാര്യം ചെയ്തു. നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ട്, ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും. നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽ പോലെയും അത്യന്തം വർദ്ധിപ്പിക്കും. നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ അവകാശമാക്കും. നീ എന്റെ വാക്ക് കേട്ട് അനുസരിച്ചതുകൊണ്ട്, നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകലജാതികളും അനുഗ്രഹിക്കപ്പെടും എന്ന് യഹോവ അരുളിച്ചെയ്യുന്നു (ഉൽപത്തി 22:16–18).

അബ്രഹാമിന്റേയും വിദ്വാന്മാരുടേയും വിവരണം സൂചിപ്പിക്കുന്നത്, "ആരാധനക്കുള്ള ദൈവേഷ്ടം നിറവേറ്റുന്ന വ്യക്തിക്ക്, അവന്റെ ആഗ്രഹം സന്തോഷത്തിനായി ദൈവം നിറവേറ്റും."[1] ആരാധന ദൈവത്തിൽനിന്നു സന്തോഷം ലഭിക്കുക എന്ന ഏക ഉദ്ദേശത്തിനുമാത്രമല്ല, അത് നമ്മെ സ്വാഭാ

വികമായി ദൈവസന്നിധിയിലേക്ക് ആകർഷിക്കയും ചെയ്യുന്നു. "ആരാധന എന്തെങ്കിലും വ്യക്തിപരമായ പ്രതിഫലം ലക്ഷ്യമാക്കി ആകരുത് എന്നു പറയുമ്പോൾ, അതിൽ വ്യക്തിപരമായ പ്രതിഫലം ലഭിക്കുകയില്ല എന്ന് അർത്ഥമാക്കരുത്."[2]

## ആത്മിയമായ സന്തോഷം

ഭൗമികമായി നല്ല രീതിയിൽ സമയം ചെലവഴിക്കുമ്പോഴോ അല്ലെങ്കിൽ വിനോദത്തിനായി സമയം ചെലവഴിക്കുമ്പോഴോ കിട്ടുന്ന സന്തോഷം പോലെയല്ല ആരാധനയിൽനിന്നു കിട്ടുന്ന സന്തോഷം. എല്ലാ ഭൗതികവും ജഡികവുമായ സന്തോഷം മാഞ്ഞുപോകുന്നതാണ്. ആൽഫ്രഡ് പി. ജിബ്സ് പറഞ്ഞതു ശരിയാണ്,

> "കർത്താവിലുള്ള സന്തോഷമാണ് നമ്മുടെ ശക്തി" എന്നത് അശ്രദ്ധവും ദൈവമില്ലാത്തതുമായി ദൈവത്തെ ചിന്തയിൽനിന്നു മാറ്റുന്ന ലൗകിക തമാശയിൽ കിട്ടുന്നതാണെന്ന് ഒരിക്കലും തെറ്റിദ്ധരിക്കരുത്, അല്ലെങ്കിൽ പാപത്തിന്റെ തൽക്കാല സന്തോഷവുമല്ല, അതിന്റെ അനന്തരഫലം സങ്കീർണ്ണമായിരിക്കും, അവസാനം മരിപ്പിക്കുകയും ചെയ്യുന്നതാണ്.[3]

അത് യേശു യോഹന്നാൻ 16:22-ൽ പറഞ്ഞതായ ഉള്ളിൽ വസിക്കുന്ന ആഴമേറിയ സന്തോഷമാണ്, "... ഞാൻ പിന്നെയും നിങ്ങളെ കാണും, നിങ്ങളുടെ ഹൃദയം സന്തോഷിക്കും, നിങ്ങളുടെ സന്തോഷം ആരും നിങ്ങളുടെ ഹൃദയത്തിൽനിന്ന് എടുത്തു കളകയില്ല." ഈ സന്തോഷം വിനോദത്തിൽനിന്നും അമാനുഷമായി കിട്ടുന്നതല്ല, ദൈവത്തോടുള്ള പരിജ്ഞാനത്താലും അടുത്ത ബന്ധത്താലും ആന്തരികമായി ലഭിക്കുന്നതാണ്. അത് ഊഷ്മളമായ തമാശയായി തോന്നുന്നതുമല്ല, എന്നാൽ അത് സമാധാനവും "തൃപ്തിയും" നിലനിർത്തുന്ന സന്തോഷമാണ് - ആത്മാവിന്റെ കൊടുങ്കാറ്റ് ശമിപ്പിക്കുന്നതാണ്, ആന്തരിക മനുഷ്യൻ വിശ്വാസം ദൈവത്തിൽ ഉറപ്പിക്കുമ്പോൾ ലഭിക്കുന്ന ആശ്വാസഫലമാണ്.

ക്രിസ്തീയ സന്തോഷം ആരാധനയിലും, മറ്റു സന്ദർഭങ്ങളിലും ലഭിക്കും. ഫിലിപ്പിയയിലെ ക്രിസ്ത്യാനികളെ പൗലൊസ് ഓർപ്പിച്ചിരുന്ന വിഷയമായിരുന്നു സന്തോഷം. ആ ചെറിയ ലേഖനത്തിൽ ഏഴ് പ്രാവശ്യത്തിൽ കുറയാതെ പൗലൊസ് "സന്തോഷം," "ആനന്ദം" എന്നീ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. 1:4-ൽ, "എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നതായി" പറയുന്നു. 1:25-ൽ, അവൻ സഹോദരന്മാരോടൊത്ത് അവരെ ശക്തിപ്പെടുത്തുവാനും "അവരുടെ വിശ്വാസ സന്തോഷം" നിലനിർത്തുവാനും ദൈവം അനുവദിക്കുമെന്ന് അവന് തീർച്ചയുണ്ടായിരുന്നതായി പറയുന്നു. ഏകാഭിപ്രായത്തിൽ യോജിച്ചിരുന്നു "തന്റെ സന്തോഷം" പൂർണ്ണമാക്കുവാൻ അവൻ അവരോട് അപേക്ഷിക്കുന്നു (2:2). "കർത്താവിൽ സന്തോഷിപ്പിൻ" എന്ന് പറഞ്ഞ് അവരെ വീണ്ടും പ്രബോധിപ്പിക്കുന്നു (3:1; 4:4). ഫിലിപ്പിയയിലുള്ള ക്രിസ്ത്യാനികൾ തന്റെ "കിരീടവും സന്തോഷവും" ആണെന്നും (4:1), തന്നെകുറിച്ച് അവർ കരുതുന്നതിനാൽ അവൻ "അത്യന്തം സന്തോഷിക്കുന്നതായും" അവൻ അവരെ ഓർപ്പിച്ചു (4:10). നിരന്തരമായി ആരാധിക്കുന്നതിന്റേയും

ദൈവത്തോട് അടുത്ത് നടക്കുന്നതിന്റേയും ഫലമായി ലഭിക്കുന്നതാണ് സന്തോഷം. വെറും ആരാധകരായിരിപ്പാനല്ല ദൈവം നമ്മെ സൃഷ്ടിച്ചത്, പിന്നെയോ, സന്തോഷിച്ച് ആരാധിക്കുന്നവരായിരിപ്പാനാണ്.

ദൈവവുമായി അടുത്ത് ആരാധനയിൽ ബന്ധപ്പെടുമ്പോൾ ലഭിക്കുന്ന സന്തോഷത്തിൽ ചുരുങ്ങിയത് മൂന്നു ഘടകങ്ങൾ ഉൾപ്പെടുന്നു. ആരാധനയുടെ സ്വഭാവത്തിൽ തന്നെ *തോന്നൽ* ഉണ്ടാകണം. വാസ്തവത്തിലുള്ള ആരാധന ദൈവത്തിന്റെ *അത്ഭുതവും ഭയങ്കരത്വവും* തോന്നിയതിന്റെ ഫലമായുള്ളതായിരിക്കണം.

## ഹൃദയപൂർവ്വമായ സന്തോഷം

നാം വാസ്തവത്തിൽ ആരാധിച്ചു എന്നതിന്റെ ഉറപ്പല്ല നമുക്ക് ഉണ്ടാകുന്ന നല്ല തോന്നൽ എന്നു തിരിച്ചറിയുക, ചിലർ സംശയപ്രകടനങ്ങളോടുകൂടി ദൈവത്തെ ആരാധിക്കും. എന്നാൽ തോന്നലുകൾ ആരാധനയിൽ നാം ചെയ്യുന്നതിനെ നിയന്ത്രിക്കുവാൻ അനുവദിക്കരുത് (അങ്ങനെയായാൽ "നന്നായി -തോന്നുന്നതാണ്" മതം എന്നുവരും), വാസ്തവത്തിലുള്ള ആരാധനയുടെ ഫലമായുണ്ടാകുന്നതാണ് സന്തോഷം. തോന്നൽ, പ്രവൃത്തിയെ തുടർന്നുണ്ടാകുന്നതാണ് . നാം ദൈവത്തിനുള്ളവരാണെന്നും, അവന്റെ സന്നിധിയിലാണ് നാം എന്നുമുള്ള തോന്നൽ നമ്മെ സന്തോഷിപ്പിക്കും. ദൈവം തന്നെ കുറിച്ചു വെളിപ്പെടുത്തിയിരിക്കുന്ന പരിജ്ഞാനപ്രകാരം പ്രവർത്തിക്കുന്നതും, അവൻ നമ്മെ സൃഷ്ടിച്ചിരിക്കുന്നത് ആരാധിക്കുന്നതിനുമാണെന്നും തിരിച്ചറിയുന്നത് നമ്മെ സന്തോഷിപ്പിക്കും. നാം തോന്നലുകളെയല്ല പിൻപറ്റേണ്ടത്, പിന്നെയോ ആരാധനാ ഭാഗങ്ങളിൽ നമ്മെയാണ് തോന്നലുകൾ പിൻപറ്റേണ്ടത്, അത് നാം ലോകത്തിലേക്ക് വീണ്ടും ഇറങ്ങുമ്പോഴുമതെ.

അവനെ ആരാധിക്കുവാനാണ് ദൈവം നമ്മെ രൂപപ്പെടുത്തിയത്, ആരാധന രൂപപ്പെടുത്തിയിരിക്കുന്നത് ഹൃദയപൂർവ്വമാകുവാനാണ്. നമസ്ക്കാരം "സത്യത്തിലും ആത്മാവിലും" (യോഹന്നാൻ 4:24) ആയിരിക്കണം എന്നു പറയുമ്പോൾ, തോന്നലുകളെ കുറിച്ച് പറയാതിരിക്കുവാൻ, സാധ്യമല്ല. "ദൈവം ആത്മാവാകയാലാണ്" നാം അവനെ "ആത്മാവിലും" സത്യത്തിലും നമസ്ക്കരിക്കേണ്ടത്. അവൻ വാസ്തവത്തിൽ അമാനുഷമായ ആത്മാവാണ്. ആരാധനയിൽ നാം അമാനുഷമായ ആത്മാവിന്റെ സ്വാഭാവികമായ സാന്നിധ്യത്തിലാണെന്ന് അറിയുമ്പോൾ, നമുക്ക് എങ്ങനെ സന്തോഷിക്കാതിരിപ്പാൻ കഴിയും?എന്നിലുള്ള മനുഷ്യാത്മാവ് ആരാധനയിൽ ദൈവത്തിന്റെ ആത്മാവുമായി ബന്ധപ്പെടുമ്പോൾ, നമ്മുടെ ഉള്ളിൽ ചില തോന്നലുകളുണ്ടാകും. നാം ജീവിക്കുന്ന "ലൗകിക യുഗത്തിൽ," "ദൈവത്തെ നമ്മുടെ നിലനിൽപിന്റെ അതിരിലേക്ക് മാറ്റി നിർത്തിയിരിക്കുന്നതിനാൽ," "അമാനുഷമായ ദൈവവുമായി ബന്ധപ്പെട്ട് അവനെ ആരാധിക്കുന്ന അനുഭവം ബുദ്ധിമുട്ടുളവാക്കുന്നതാണ്"[4] എന്ന് റോബർട്ട് വെബർ പറഞ്ഞു.

ഏ. ഡബ്ലിയു. ടോസർ പറഞ്ഞു, "ആരാധന എപ്പോഴും ആന്തരിക മനോഭാവത്തിൽനിന്നാണ് വരേണ്ടത്. അത് മാനസികവും, ആത്മികവും, വൈകാരികവുമായ ഘടകങ്ങളെ ആസ്പദമാക്കിയാണ് ഇരിക്കുന്നത്."[5] മാനുഷിക വ്യക്തിത്വത്തിന്റെ ഒരു ദിശയിൽ മാത്രമുള്ളതല്ല ഒരു വിശ്വാസിയുടെ ആരാധനയെ കുറിച്ചുള്ള തിരിച്ചറിവ് ... തിരുവെഴുത്ത് അനുസരിച്ച്, സത്യത്തിലും, ആത്മാവിലുമുള്ള ആരാധനയിൽ, മനുഷ്യന്റെ മുഴുവൻ വ്യക്തിത്വവും

അടങ്ങുന്നു – "*ആത്മാവ്, മനസ്, വികാരം, ശരീരം*"[6] എന്നതിനോട് ജാക്ക് ഹേഫോർഡ് യോജിക്കുന്നു.

ആരംഭത്തിൽ ലഭിക്കുന്നതിലുള്ള സന്തോഷമല്ല ആരാധന, നൽകുന്നതിലുള്ള സന്തോഷമാണ്. അവസാനം, എങ്ങനെയായാലും, നാം നൽകുന്നതിലധികം നമുക്ക് ലഭിക്കുന്നു. അബ്രഹാം മാനസികമായും വൈകാരികമായും യിസഹാക്കിനെ ദൈവത്തിന് നൽകിയ ശേഷം മലയിൽനിന്ന് ഇറങ്ങി വന്നപ്പോൾ, അവന് നൽകിയതു മാത്രമല്ല തിരിച്ചു കിട്ടിയത്, കൂടുതൽ അനുഗ്രഹങ്ങൾ അവനുള്ളതായി ദൂതൻ പ്രഖ്യാപിച്ചു. ചോദ്യമോ സംശയമോ കൂടാതെയാണ് അബ്രഹാം ദൈവത്തെ അനുസരിച്ചത്. ദൈവം വരുവാനുള്ള വർഷങ്ങളിൽ അബ്രഹാമിനു നൽകുവാൻ പോകുന്ന അനുഗ്രഹങ്ങൾ നിമിത്തം അവനെ അത്യന്തം സന്തോഷിപ്പിച്ചിരിക്കണം. ആരാധനയിൽ ദൈവത്തെ പുകഴ്ത്തുന്ന ഓരോരുത്തർക്കും അവൻ അനുഗ്രഹങ്ങൾ തിരിച്ചു നൽകും. യേശുവിന്റെ ആരോഹണത്തെ കുറിച്ചു പറഞ്ഞ ശേഷം ലൂക്കൊസ് ശിഷ്യന്മാരുടെ അവസ്ഥയെ വിവരിക്കുന്നു, "അവർ അവനെ നമസ്ക്കരിച്ചു മഹാ സന്തോഷത്തോടെ യെരുശലേമിലേക്ക് മടങ്ങിച്ചെന്നു എല്ലായ്പോഴും ദൈവാലയത്തിൽ ഇരുന്നു ദേവത്തെ വാഴ്ത്തി പോന്നു" (ലൂക്കൊസ് 24:52, 53).

സന്തോഷത്തിന്റെ ഏറ്റവും വലിയ പ്രകടനങ്ങളിൽ ഒന്നാണ് പാട്ടു പാടൽ. ആരാധനയുടെ പ്രകടനങ്ങളിൽ ഒന്നായിട്ടാണ് പാട്ടു പാടലിനെ ബൈബിളിൽ പറഞ്ഞിരിക്കുന്നത്. "സങ്കീർത്തനങ്ങളാലും സ്തുതികളാലും, ആത്മികഗീതങ്ങളാലും" എന്നു പൗലൊസ് പറഞ്ഞിരിക്കുന്നത് (എഫെസ്യർ 5:19) പാട്ടുപാടുന്നതിനെയാണ്. ശുദ്ധ ഹൃദയത്താൽ ദൈവത്തെ സ്തുതിക്കുന്നതാണ് ഹൃദയത്തിൽ നിന്നു വരുന്ന സന്തോഷപ്രകടനമായ ഗീതങ്ങൾ. ഒരു താരതമ്യ വാക്യത്തിൽ പൗലൊസ് അപേക്ഷിച്ചു, "സങ്കീർത്തനങ്ങളാലും സ്തുതികളാലും, ആത്മികഗീതങ്ങളാലും, തമ്മിൽ പഠിപ്പിച്ചും, ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന് പാടിയും കൊണ്ടിരിപ്പിൻ" (കൊലൊസ്യർ 3:16). വീണ്ടും, ഹൃദയപൂർവ്വം നന്ദി പ്രകടിപ്പിക്കുന്നതാണ് പാട്ട് പാടുന്നത്. "മറ്റൊരു വിധത്തിലും കിട്ടാത്ത ഉയർന്ന സന്തോഷമാണ് സംഗീതം പുറപ്പെടുവിക്കുന്നത്."[7] "ആത്മാവിനെ പുഞ്ചിരിപ്പിക്കുവാനുള്ള ശക്തി ശുദ്ധസംഗീതത്തിനുണ്ട്."[8] ദൈവം യിസ്രായേലിനെ മിസ്രയിം അടിമത്വത്തിൽനിന്നു കൊണ്ടുവന്നപ്പോൾ തുടങ്ങിയതാണ് ആരാധനയുടെ ഭാഗമായ പാട്ടുപാടൽ.

ആരാധനാഭാവത്തിൽ പ്രകടിപ്പിക്കാവുന്ന ഒന്നാണ് തോന്നലുകൾ. ഹൃദയത്തിന്റെ പ്രകടനമായി ആരാധനയിൽ, കുമ്പിടൽ, മുട്ടിന്മേൽ നിൽക്കൽ, കൈ ഉയർത്തൽ എന്നിവയെല്ലാം തിരുവെഴുത്തിൽ ആരാധനയുടെ ഭാഗമായി കാണാം. ആരാധകന്റെ ഭാവത്തിൽ ശരീരത്തിന്റെ ഭാവം ആത്മാർത്ഥതയുള്ള ഒന്നായിരിക്കണം ദൈവത്തെ, അല്ലെങ്കിൽ അത് മറ്റുള്ളവരെ കാണിക്കേണ്ടതിനുള്ള ഭാവം മാത്രമായി തീരും.

### ഹൃദയം-നിറഞ്ഞ സന്തോഷം

ലോകത്തിലെ മിക്ക മതങ്ങളും ഹൃദയത്തെ ഭയപ്പെടുത്തുന്നതാണ്. ആരാധകർ തങ്ങളുടെ ഉഗ്ര മൂർത്തികളായ ദേവന്മാരെ സമീപിക്കുന്നത്, ആ ദേവന്റേയോ ദേവിയുടേയോ കോപം ഉണ്ടാകുവാനിടയുള്ള വിപത്ത് ഒഴിവാകുവാൻ ഭയത്തോടും വിറയലോടും കൂടെയാണ് ചെല്ലുന്നത്. അവർ

തങ്ങളുടെ ദേവന്മാർക്ക് ഉചിതമെന്ന് തോന്നുന്ന കാഴ്ച്ചകളുമായാണ് പോകുന്നത്, എന്നിട്ടും അവർ സംശയത്തോടെയാണ് തിരിച്ചുപോകുന്നത്. അത് ഒരു വിധത്തിൽ, പഴയനിയമത്തിലെ യാഗവ്യവസ്ഥക്കു തുല്യമാണെന്ന് പറയാം. എങ്ങനെയായാലും, ഇപ്പോൾ – ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിന്റെ യാഗം കഴിഞ്ഞിരിക്കയാൽ, ആരാധകർക്ക്, "അത്യധികം സന്തോഷത്തോടെ" ഹൃദയത്തിന്റെ നിറവേറ്റലുമായി ദൈവത്തെ സമീപിക്കാം. ഉപദ്രവിക്കപ്പെടുന്നവരോടു പോലും, യേശു പറഞ്ഞു, "സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകയാൽ ഉല്ലസിച്ചാനന്ദിപ്പിൻ, ..." (മത്തായി 5:12). ഉപദ്രവത്തിൽ നമുക്ക് സന്തോഷം നിറവേറ്റുവാൻ കഴിയുമെങ്കിൽ, "അവന്റെ മഹത്വത്തിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ നമുക്ക് എത്രയധികം" (യൂദാ 24)!

ചെയ്യുന്നതിൽ തൃപ്തിപ്പെടുക അല്ലെങ്കിൽ നിറവേറ്റുക എന്നതാണ് നമ്മുടെ ഏറ്റവും വലിയ ആഗ്രഹങ്ങളിൽ ഒന്ന്. ഒരു ജോലി തിരഞ്ഞെടുക്കുന്ന തീരുമാനത്തിൽ ഒരു യുവാവ് വെപ്രാളപ്പെടും, കാരണം തന്റെ ജീവിതത്തിൽ തൃപ്തിപ്പെടുത്തുവാൻ ചിലത് അവൻ തിരഞ്ഞെടുക്കുകയാണ്. അമ്മ എന്ന ഉത്തരവാദത്തിനു പുറമെ വേറൊരു ജോലിയിൽ പുതിയതായി പ്രവേശിച്ച ഒരു സ്ത്രിയോട് അവളുടെ ജോലിയെ കുറിച്ച് ചോദിച്ചതിന് അവൾക്ക് "തൃപ്തിയുള്ളതായിട്ടല്ല" മറുപടി പറഞ്ഞത്. നിറവേറലിന്റെ പര്യായമായി ലഭിക്കുന്നതാണ് സന്തോഷം. ചിലപ്പോൾ ആത്മാവ് തേടുന്നതായിരിക്കയില്ല ശരീരം സമ്പാദിക്കുന്നത്. ജഡത്തെ തൃപ്തിപ്പെടുത്തുവാനാഗ്രഹിക്കുന്നത് ഒരിക്കലും ആത്മാവിനെ തൃപ്തിപ്പെടുത്തുകയില്ല. അവനോട് ചേർന്ന് കാര്യങ്ങൾ നിറവേറ്റുവാനാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. നമ്മെ മെനഞ്ഞത് അവനു നമ്മിൽ വസിക്കുന്നതിനുവേണ്ടിയാണ് (1 കൊരിന്ത്യർ 6:19). ദൈവത്തിനു വസിക്കേണ്ട ആന്തരിക മനുഷ്യനിൽ നാം ലോകത്തിലെ ചവറുകളെല്ലാം നിക്ഷേപിച്ചാൽ, നിറവേറൽ നമ്മെ വിട്ടുപോകും. ആ ഒരു പ്രശ്നം ഒഴിവാക്കുന്നതാണ് സത്യാരാധന; അത് നമ്മിൽ ദൈവത്തിന്റെ സാന്നിധ്യം കൊണ്ടുവരുന്നു. നിറവേറൽ കണ്ടെത്താൻ കഴിയുന്നത് ദൈവത്തോടുകൂടിയുള്ള കൂട്ടായ്മയിലാണ്.

ജിബ്സ് ശരിയായി പറഞ്ഞു, "ആരാധനാ ശുശ്രൂഷ ആരാധകന് സന്തോഷം മാത്രമല്ല നൽകുന്നത്, ആത്മാവിന് ആഴത്തിൽ തൃപ്തിയും നൽകുന്നു. അത് *സ്വയ*-തൃപ്തിക്ക് എതിരാണ്, അത് ഇഷ്ടപ്പെട്ട ഒരു ജോലി ലഭിക്കുന്നതിന്റെ ഫലമായുണ്ടാകുന്നതാണ്."[9] ആരാധനമൂലം വിശ്വാസികൾ ദൈവത്തെ കൂടുതലായി അറിയുകയും, അധികമായി അവനെ അഭിനന്ദിക്കുകയും ചെയ്യും. അവനെ അറിയുന്നതാണ് അവനെ സ്നേഹിക്കുന്നത്. അവനെ സ്നേഹിക്കുന്നതാണ് അവനെ ആദരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നത്. അവന്റെ സന്നിധിയിൽ ഹൃദയത്തെ നിറക്കുന്നതാണ് ആദരവും പുകഴ്ച്ചയും – അതായത് അവനെ ഉള്ളിൽ നിറക്കുക. അവനെ നമ്മിൽ നിറക്കുമ്പോൾ, അവൻ നമ്മെ കരുതുകയും, നമുക്ക് അവനോടൊപ്പം ഒരു പ്രത്യേക നേട്ടം ലഭിക്കുകയും ചെയ്യും – അപ്പോൾ നമുക്ക് അവനെ വിളിക്കാം, അവൻ കേൾക്കുകയും ചെയ്യും. അവന്റെ കാഴ്ച്ചപ്പാടിൽ നാം ജീവിതത്തെ കാണുമ്പോഴാണ്, നമ്മിൽ നിറവേറൽ ആരംഭിക്കുന്നത്, അവന്റെ കാഴ്ച്ചപ്പാടിൽ തീരുമാനങ്ങൾ എടുക്കുവാനും, തന്മൂലം ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുവാനും കഴിയും.

## അത്ഭുത-പ്രചോദിതമായ സന്തോഷം

ആരാധനാനുഭവത്തിന് ഊന്നൽ കൊടുത്തു ചിന്തിക്കുന്ന കാലമാണ് ഇത്. സഭാ ശുശ്രൂഷകളിലെ *അനുഭവങ്ങളെല്ലാം ആരാധനക്ക്* യോഗ്യമായവയാകണമെന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഒരു സഭായോഗത്തിൽ ആഹ്ലാദവും ചലിപ്പിക്കലും അനുഭവപ്പെട്ടേക്കാം, എങ്കിലും അത് ആരാധനയേ ആകണമെന്നില്ല. *അനുഭവങ്ങൾ* നമ്മിൽ അതിനുശേഷം അവശേഷിക്കുന്നതും നമ്മെ പലപ്പോഴും കൊണ്ടുപോകുന്നതുമാകാം. അതുകൊണ്ടാകാം ആരാധന നയിക്കുന്നവർ കൂടുതൽ ഊന്നൽ *അനുഭവങ്ങൾക്ക്* നൽകുന്നത്. ആരാധകർ തങ്ങളുടെ അനുഭവങ്ങൾ പറയും; അവർ വീണ്ടും വീണ്ടും വരിക മാത്രമല്ല, അവരുടെ അനുഭവങ്ങൾ മറ്റുള്ളവരോടു പറയുകയും ചെയ്യും. വാസ്തവത്തിലുള്ള ആരാധന എന്താണെന്ന് നാം അറിഞ്ഞില്ലെങ്കിൽ, നമ്മുടെ അനുഭവം വാസ്തവത്തിൽ ഉള്ള ആരാധനയാണോ എന്ന് നമുക്ക് അറിയില്ല. എന്തനുഭവമാണ് ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്? നാം സംസാരിക്കുവാനും പ്രതിഫലിപ്പിക്കുവാനും ആഗ്രഹിക്കുന്നത് എന്താണ്?

അവന്റെ സാന്നിധ്യം അനുഭവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ആരാധനയിൽ സംഭവിക്കുന്നത് ദൈവത്തോടുകൂടിയുള്ള കൂട്ടായ്മയാണ്. കൂട്ടായ്മ എന്നുള്ളത് കർത്തൃമേശ മാത്രമല്ല, *സാന്നിധ്യവും ആശയവിനിമയവും* അടങ്ങുന്നത് കൂട്ടായ്മയാണ്. ആരാധനയിൽ നാം ദൈവത്തോട് സംസാരിക്കുകയും, ദൈവം നമ്മോട് സംസാരിക്കുകയുമാണ്.[10] *അതിശയകരമായ പ്രപഞ്ചത്തിന്റെ ദൈവസാന്നിധ്യം* അറിയുന്നത് ചലിപ്പിക്കുന്ന അനുഭവമാണ്. ആരാധനായോഗം കഴിഞ്ഞുപോകുമ്പോൾ, "ഞാൻ ഇന്ന് ദൈവസന്നിധിയിലായിരുന്നു" എന്നു പറയുന്ന അനുഭവം ദിവസങ്ങളോളം നിലനിൽക്കുന്നതാണ്. "അതിശയവും - ആരോഗ്യകരമായ ബഹുമാനവും, ദൈവത്തോടുള്ള ആദരവും, അത്ഭുത ബോധ്യവുമാകാം - ആധുനിക ആരാധനകളിൽ വിരളമായി കാണുന്നത്."[11] വാരെൻ വിയേഴ്സ്ബേ പറഞ്ഞു, "മയങ്ങിക്കൊണ്ടിരിക്കുന്ന പല വിശുദ്ധന്മാരിലും - അത്ഭുത ബോധ്യം നഷ്ടമായിരിക്കുകയാണ്."[12] ആളുകൾ ഇന്ന് എല്ലാം മനസിലാക്കുവാനും, വിശദമാക്കുവാനും ആഗ്രഹിക്കുന്നു. അവർക്ക് വിശദമാക്കുവാൻ കഴിയാത്തതെന്തും അവർ ഒഴിവാക്കും. രഹസ്യാത്മകതക്ക് അവരുടെ ഉള്ളിൽ പരിമിതമായ സ്ഥാനമേ ഉള്ളു. ആ പ്രവണത കാരണം ആരാധനയുടെ രഹസ്യാത്മകത അവർ എടുത്തുകളയുന്നു.

മർത്യരോട് പ്രതികരിക്കുവാനോ, വിശദമാക്കുവാനോ ദൈവത്തിന് കടപ്പാടില്ല. അവൻ വിശദമാക്കുവാൻ ശ്രമിച്ചാലും അത് നമ്മുടെ മനസിലാക്കലിനും അപ്പുറമായിരിക്കും. യിസഹാക്കിനെ യാഗം അർപ്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടതെന്തിനാണെന്ന് അബ്രഹാം ചോദിച്ചില്ല. ദൈവത്തിന്റെ പ്രവൃത്തികളെ വിശദമാക്കുവാൻ ഇയ്യോബ് ആവശ്യപ്പെട്ടപ്പോൾ, അവൻ വളരെ നാളത്തേക്ക് നിശബ്ദനായിരുന്നു (ഇയ്യോബ് 29-31). അവസാനം, അവൻ ഉത്തരമരുളി - അത് തന്നെ കുറിച്ച് വിശദമാക്കുവാനായിരുന്നില്ല, മറിച്ച് ഇയ്യോബിനോട് ചോദ്യങ്ങൾ ചോദിക്കുവാനായിരുന്നു (ഇയ്യോബ് 38-41). അവന്റെ വഴികൾ മനുഷ്യനു മനസിലാക്കുവാൻ കഴിയുന്നതിനുമപ്പുറമാണെന്ന് ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. പൗലൊസ് പറഞ്ഞു, "ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമെ, അവന്റ ന്യായവിധികൾ എത്ര അപ്രമേയവും, ദൈവത്തിന്റെ വഴികൾ എത്ര അഗോചരവുമാകുന്നു" (റോമർ 11:33).

പൗരൊഹിത്യത്തിന്റെ എല്ലാ അവകാശങ്ങളും, നേട്ടങ്ങളും ദൈവം തന്റെ

അടുക്കലേക്ക് വരുന്ന ക്രിസ്ത്യാനികൾക്ക് നൽകുന്നുണ്ടെങ്കിലും. അത് സാധാരണപോലെ ചെയ്യണമെന്നല്ല അർത്ഥമാക്കുന്നത്. ആഘോഷത്തിൽ സന്തോഷം അന്തർലീനമായിരിക്കുന്നു, എന്നാൽ അത് പരിചയമില്ലാത്ത തിനെ ന്യായീകരിക്കുന്നില്ല. അവൻ സമീപസ്ഥനാണെന്ന് നാം അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു, അവന്റെ സാന്നിധ്യം നാം അന്വേഷിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു; എന്നാൽ ആ അറിവ് "അതിരു കവിഞ്ഞ്, ഒരു കുട്ടി അപ്പന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച്, അപ്പാ എന്നു വിളിക്കുന്നത് ഊഹിക്കുക!"[13] ആഘോഷവും ആദരവും പരസ്പരം എതിരല്ല. ദൈവശക്തിയിൽ അതിശയി ച്ചുനിൽക്കുക എന്നതിൽ സ്നേഹവും കരുതലും ആഘോഷിക്കരുത് എന്ന് അർത്ഥമാക്കരുത്. *കുമ്പിടുമ്പോൾ* ഒരേ സമയത്ത് *സന്തോഷവും സ്തുതിയും* ഉണ്ടാകുന്നതിനുള്ള ഉദാഹരണം രണ്ട് ദിനവൃത്താന്തം 29:30-ൽ കാണാം. നെ ഹെമ്യാവ് ദൈവത്തെ കുറിച്ച്, അവൻ "മഹാനും ഭയങ്കരനും" എന്നാണ് പ റഞ്ഞത്, അതേ സമയം അവന്റെ കൽപനകൾ പ്രമാണിക്കുന്നവർക്ക് അവൻ നിയമവും ദയയും ഉള്ളവനായിരിക്കും എന്നും പറയുന്നു (നെഹെമ്യാവ് 1:5). "... നിന്റെ വചനം നിമിത്തം ഞാൻ പേടിക്കുന്നു, ഞാൻ നിന്റെ വചനത്തിൽ ആനന്ദിക്കുന്നു, ..." (സങ്കീർത്തനങ്ങൾ 119:161, 162).

## ഉപസംഹാരം

ഞായറാഴ്ച്ച വൈകുന്നേരത്തെ ആരാധനക്കു ശേഷം ഞാനും എന്റെ ഭാര്യ ബാർബറയും ചേർന്ന് ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കുവാൻ പോയി. ഒരു ലഘുഭക്ഷണം ഓർഡർ കൊടുക്കുവാനായി ഞങ്ങൾ ഒരു സ്ഥലത്ത് ഇരുന്നു. മറ്റൊരു ദമ്പതിമാർ ഞങ്ങളുടെ പുറകിലായി ഇരുന്നു, എന്നാൽ രണ്ടു മൂന്നുപേർ അവരോടുകൂടെ ചേരുന്നതുവരെ അവർ അധികം ആരു ടേയും ശ്രദ്ധ ആകർഷിച്ചില്ല. അവരെ ശ്രദ്ധിച്ചില്ലെങ്കിലും, അവർ പറയുന്നതു കേൾക്കാതിരിപ്പാൻ കഴിഞ്ഞില്ല. അവർ ആവേശമുള്ളവരായിരുന്നു! "ചർച്ചിൽ ഞങ്ങൾക്ക് വാസ്തവത്തിൽ നല്ല സമയമായിരുന്നു അനുഭവപ്പെട്ടത്!" എന്ന പ്രയോഗം എന്റെ ശ്രദ്ധയെ പിടിച്ചുപറ്റുന്നതായിരുന്നു. അപ്പോൾ മുതൽ അവർ എന്താണ് പറയുവാൻ പോകുന്നതെന്ന് അറിയുവാൻ ഞാൻ ആഗ്രഹിച്ചു.

കൂടുതൽ ശ്രദ്ധിക്കുന്തോറും, അവർ ആരാധനയെ കുറിച്ച് വിശദമാക്കു കയാണെന്ന് ബോധ്യമായി, എന്നാൽ അവരുടെ സംഭാഷണം മുഴുവൻ ഒരു സംഗീത വിരുന്നിനെ കുറിച്ചു മാത്രമായിരുന്നു. സംഗീതത്തിന്റെ ചില "സംഖ്യ" ഉപയോഗിച്ച് അവതരിപ്പിച്ചയാൾ പാടിയത്, അതാണ് അയാളെ കൂടുതൽ ഇമ്പ മുള്ളതാകുവാൻ കാരണമായത്. ആരാധനക്ക് യോഗ്യനായ ഒരുവനെ കുറിച്ച് അവർ എന്തെങ്കിലും പറയുമോ എന്നു ഞാൻ ശ്രദ്ധിച്ചു, പക്ഷെ എന്റെ ശ്രമം വിഫലമായി. അവരുടെ സംസാരത്തിൽ ദൈവത്തെ ബഹുമാനിക്കുന്ന ഒരു വാക്കും കേട്ടില്ല, ദൈവദൃഷ്ടിയിൽ ഏറ്റവും നിസാരമായ കാര്യം അവരുടെ ദൃഷ്ടിയിൽ ഏറ്റവും ഉയർന്നതായിട്ടാണ് അവർ കണ്ടത്.

അത്തരം തെറ്റായ ധ്യാനത്തെ യേശു ലൂക്കൊസ് 16:15-ൽ വിവരിക്കുന്നു: "നിങ്ങൾ നിങ്ങളെത്തന്നെ മനുഷ്യരുടെ മുൻപിൽ നീതീകരിക്കുന്നവരാകുന്നു; ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ മുമ്പിൽ ഉന്നതമാ യത് ദൈവത്തിന്റെ മുമ്പിൽ അറെപ്പത്രെ." ആ വേദഭാഗത്തെ കുറിച്ച് ജിബ്സ് പറഞ്ഞു,

ഓരോ ക്രിസ്ത്യാനിയുടേയും ഹൃദയം അത് എങ്ങനെ അന്വേഷിക്കും! ദുഃഖത്തോടുകൂടി പാടുവാൻ [സാധ്യതയുണ്ട്], മിക്കവാറും പാട്ടുകൾ ആരാധനക്ക് മാധുര്യവും സൗന്ദര്യവും പകരും, ശബ്ദത്തോടുകൂടി പ്രകടിപ്പിക്കും, അത് നന്നായി തിരഞ്ഞെടുത്ത തിരുവെഴുത്തു ഭാഷകളുമായിരിക്കും, കാരണം സഭായോഗത്തിലെ ആരാധനക്കാണ് ഉപയോഗിക്കുന്നത്; എങ്കിലും അത് ദൈവം കേൾക്കാതിരിക്കുകയോ, ദൈവത്തിന്റെ അംഗീകാരം ലഭിക്കാതെയോ പോകാം."[14]

ദൈവത്തിൽ ശ്രദ്ധിക്കുന്ന ഒരു ഹൃദയാന്തർഭാഗത്തു നിന്നു വേണം ആരാധന വരുവാൻ. അതാണ് അവന്റെ നാമം വിളിച്ചപേക്ഷിക്കുകയും അവനെ പുകഴ്ത്തുകയും ചെയ്യുമ്പോൾ നമുക്ക് തൃപ്തിയും നിറവേറലും നൽകുന്നു

---

കുറിപ്പുകൾ

[1]ആൽഫ്രഡ് പി. ജിബ്സ്, *വർഷിപ്: ദ ക്രിസ്ത്യൻസ് ഹൈയെസ്റ്റ് ഓകുപേഷൻ,* 2 ന്റ് എഡി. (കൻസാസ് സിറ്റി, കാൻസ്.: വാൾട്ടറിക് പബ്ലിഷേഴ്സ്, എൻ. ഡി.), 243. [2]ഡോൺ ചെയിമ്പേഴ്സ്, *ഷോർട്ട്ടൈം! വർഷിപ് ഇൻ ദ ഏജ് ഓഫ് ഷോ ബിസ്നെസ്* (നാഷ്വിലേ: 21 സ്റ്റ് സെഞ്ചുറി ക്രിസ്ത്യൻ, 1997), 179. [3]ജിബ്സ്, 43–44. [4]റോബർട്ട് ഈ.വെബ്ബർ, *വർഷിപ് ഈസ് എ വെർബ്: എയിറ്റ് പ്രിൻസിപ്പിൾസ് ഫോർ ട്രാൻസ്ഫോമിങ് വർഷിപ്* (പീബോഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1999), 23–24. [5]എ. ഡബ്ലിയു. ടോസർ, കോമ്പ്. ആന്റ് എഡി. ജെറാൾഡ് ബി. സ്മിത്ത്, *വാട്ടെവർ ഹാപ്പെന്റ് ടു വർഷിപ്?* (കാമ്പ് ഹിൽ, പാ.: ക്രിസ്ത്യൻ പബ്ലിഷേഴ്സ്, 1985), 83. [6]ജാക്ക് ഹേഫോർഡ്, *വർഷിപ് ഹിസ് മജസ്റ്റി* (ഡള്ളാസ്: വേർഡ് പബ്ലിഷിങ്, 1987), 131. [7]ആൻ റിച്ച്മണ്ട് സെവെൽ, *ദ സൗണ്ട് ഓഫ് ജോയ്* (സിയേഴ്സി, ആർക്ക്.: ഹിംസ്പിറേഷൻസ്, 1990), 15. [8]ആബ്റേ ജോൺസൺ, *മൂസിക് മാറ്റേഴ്സ് ഇൻ ദ ലോഡ്സ് ചർച്ച്* (നാഷ്വിലേ: 20 ത് സെഞ്ചുറി ക്രിസ്ത്യൻ, 1995), 11. [9]ജിബ്സ്, 243–44 (എംഫസിസ് മൈൻ). [10]"അവന്റെ വചനം മുഖാന്തരം ദൈവത്തോട് കൂട്ടായ്മ ആചരിക്കുക" എന്ന ഈ പുസ്തകത്തിലെ അനുബന്ധ പാഠം നോക്കുക.

[11]കെൻ നെല്ലർ, "റെവേലേഷൻ ആന്റ് ക്രിസ്ത്യൻ വർഷിപ്," *ഹാർഡിങ് യൂണിവേഴ്സിറ്റി ലെക്ചേഴ്സ്* (1992), 158. [12]വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, *ബി അമേസ്ഡ്: റെസ്റ്റോർ ആൻ ആറ്റിടൂഡ് ഓഫ് വണ്ടർ ആന്റ് വർഷിപ്* (വീറ്റൺ, .: വിക്ടർ ബുക്സ്/സ്ക്രിപ്ച്ചേഴ്സ് പ്രസ് പബ്ലിക്കേഷൻസ്, 1996), 7. [13]നെല്ലെർ, 159. [14]ജിബ്സ്, 201.